കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad@kerala.gov.in

# പുറത്തൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.28/376/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി: 13-05-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുറത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുറത്തൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/aims/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്.
എബികെ

നം.കെ.എസ്.എ.എം.പി.എം.28/376/2020

തിയ്യതി: 13-05-2020

<u>മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.05.2019 മുതൽ 05.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ.അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06.02.2020 മുതൽ 18.02.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പി പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ഇദ്രീസ് അബ്ദുള്ള എ.സി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. റഹ്മത്ത് സൗദ . എൻ.പി | 01.04.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ആർ പ്രകാശ് | 01.04.2018 മുതൽ 06.05.2018 വരെ, 06.07.2018 മുതൽ 06.08.2018 FN വരെ, |
| | ശ്രീമതി. റീന എ.എം (അധിക ചുമതല) | 07.05.2018 മുതൽ 05.07.2018 വരെ, 21.03.2019 മുതൽ 31.03.2019 വരെ, |
| | | |

| | | |
|---|---|---|
| | ശ്രീ. ഷമിൽ . ഇ | 06.08.2018 AN മുതൽ 20.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി. റീന എ.എം | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. മിനി സി (അധിക ചുമതല) | 01.04.2018 മുതൽ 10.05.2018 വരെ |
| | ശ്രീമതി. ലീന പി | 11.05.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. അങ്കിരസ് | 01.04.2018 മുതൽ 19.06.2018 വരെ |
| | ഡോ. പ്രേം കൃഷ്ണൻ | 20.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സിഎച്ച്സി, പുറത്തൂർ | ഡോ. ഷംജിത എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ബൈജു ലാൽ എം | 01.04.2018 മുതൽ 31.03.2019 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി. ബീന പി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. രാജീവ് പി.ഡി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ, ജിഎം.യു.പി സ്കൂൾ ഇടക്കനാട് | ശ്രീമതി. ബേബി എം.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ബിന്ദു സുധാകർ | 01.04.2018 മുതൽ 22.11.2018 വരെ |
| | ശ്രീമതി. അബ്ദുൾ മെഹറൂഫ് | 23.11.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം I ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 2 | 1-3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) |
| 3 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 4 | 1-5 | പദ്ധതി അവലോകനം. |
| 5 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 6 | 1-7 | ക്ഷേമപദ്ധതികൾ |
| 7 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 8 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 9 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ |
| 13 | 1-13 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു |
| 14 | 1-14 | അങ്കൺവാടികൾക്ക് പ്രഷർകുക്കർ, കുടിവെള്ള സംഭരണി വാങ്ങിയതിൽ |

| | | |
|---|---|---|
| | | അപാകത – കരാർ ചമക്കാത്തതിനാൽ 20448 രൂപ നഷ്ടം വന്നു |
| 15 | 1-15 | ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല |
| 16 | 1-16 | അങ്കൺവാടികൾക്ക് സാധനങ്ങൾ വാങ്ങൽ – ഗുണനിലവാരം പരിശോധനവിധേയമാക്കുന്നില്ല. |
| 17 | 1-17 | തെരുവ് വിളക്ക് റിപ്പയർ - അപാകത |
| 18 | 1-18 | മരുന്ന് സ്റ്റോക്കിൽ എടുത്തിട്ടില്ല |
| 19 | 1-19 | മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല. |
| 20 | 1-20 | ഇല്ലിക്കൽ തറ നടപ്പാത കോൺക്രീറ്റിംഗ് - പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയത് സംബന്ധിച്ച് |
| 21 | 1-21 | സിംഗിൾ ടെണ്ടറുകൾ അംഗീകരിച്ചത് ക്രമപ്രകാരമല്ല. |
| 22 | 1-22 | സാങ്കേതിക അനുമതിയിൽ പരിമിതപ്പെടുത്താതെ പ്രതിഫലം നൽകിയത് സംബന്ധിച്ച്. |
| 23 | 1-23 | മേപ്പറമ്പ് തടയണ റോഡ് - തൃത്തല്ലൂർ വെള്ളക്കെട്ട് ഒഴിവാക്കൽ - ഫോം വർക്ക് ചെയ്തത് - അധിക ചെലവ് സംബന്ധിച്ച്. |
| 24 | 1-24 | പടിഞ്ഞാറേക്കര ജി.യു.പി - സിങ്കിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിന്റെ നിരക്ക് അനുവദിച്ചു.. |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 25 | | ഇല്ല |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 26 | 3-1 | സാങ്കേതിക അനുമതിയിൽ പരിമിതപ്പെടുത്താതെ പ്രതിഫലം നൽകിയത് - 86366.00 രൂപയുടെ ചെലവ് നിരാകരിക്കുന്നു. |
| 27 | 3-2 | മേപ്പറമ്പ് തടയണ റോഡ് - തൃത്തല്ലൂർ വെള്ളക്കെട്ട് ഒഴിവാക്കൽ - ഫോം വർക്ക് ചെയ്തത് - അധിക ചെലവ് സംബന്ധിച്ച്. |
| 28 | 3-3 | പടിഞ്ഞാറേക്കര ജി.യു.പി - സിങ്കിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിന്റെ നിരക്ക് അനുവദിച്ചു. |
| ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 29 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 30 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 32 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 33 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 34 | 4-7 | ഓഡിറ്റ് റിക്കവറി |
| 35 | 4-8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 36 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 37 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 39 | Annexure 1 | Audit Certificate |
| 40 | Annexure | Audit Abstract |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| ബജറ്റ് പാസാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/തിയതി |
|---|---|
| PP/8/1/122/2018 തി. 24.03.2018 | pp/4/53/19 തി.28.02.2019 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 16.05.2019 | | |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 7015368.77 |
| വരവ് | 157499900 |
| ആകെ | 164515268.77 |
| ചെലവ് | 138725080 |
| നീക്കിയിരിപ്പ് | 25790188.77 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 25531000 | 25531000 | 22199762 | 3331238 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9656000 | 9656000 | 8205344 | 1450656 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 144000 | 144000 | 0 | 144000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5351000 | 5351000 | 4575353 | 775647 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4310000 | 4310000 | 3452319 | 857681 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11850000 | 11850000 | 10165911 | 1684089 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 41546633 | 41546633 | 41546633 | 0 |
| തനത് ഫണ്ട് കെ.ജി.ബി. | 4434969 | 47044258 | 51479227 | 49842590 | 1636637 |
| എസ്.ബി.ഐ. (മറ്റേണിറ്റി) | 2449.24 | 88 | 2537.24 | - | 2537.24 |
| എസ്.ബി.ഐ.(ഇ-പേയ്മെന്റ്) | 95374 | 15615 | 110989 | 98417 | 12572 |
| എസ്.ബി.ഐ(എസ്.എസ്.എ) | 101250 | 5990 | 104840 | -- | 104840 |
| പി.എസ്.സി.ബി.(ലിറ്ററസി) | 2701 | 117 | 2818 | -- | 2818 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 497962 | 41166081 | 41664043 | 20756769 | 20907274 |
| എസ്.ബി.ഐ. (ഒ.എ.പി.) | 1461742.38 | 51836 | 1513578.38 | -- | 1513578.38 |
| കെ.ജി.ബി(എൻ.ആർ.ഇ.ജി.എ) | 5808 | 629746 | 635554 | 457384 | 178170 |
| പി.എസ്.സി.ബി(തനത് ഫണ്ട്) | 315917.15 | 2259548 | 2575465.15 | 1703826 | 871639.15 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 158903550 | 127 | 87843794 | 0 | 67 | 65.46 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5808 | 629746 | 635554 | 457384 | 178170 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 23645263 | 23645263 | 23645263 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 194280 | 207 |
| വിധവാപെൻഷൻ | 14670600 | 1194 |
| വാർദ്ധക്യകാലപെൻഷൻ | 21654200 | 1788 |
| വികലാംഗപെൻഷൻ | 4437500 | 345 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ.....സഹായം | 528600 | 44 |
| ഉൽപ്പാദന ബോണസ് | 48000 | 48 |

കുറിപ്പ്

1.സാധുക്കളായ വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 19 ഗുണഭോക്താക്കൾക്ക് 30000 രൂപ വീതം 570000 രൂപ ചെലവ് ചെയ്തിട്ടുണ്ട് . ആയത് AFS ൽ ഉൾപ്പെട്ടിട്ടില്ല.

2.കർഷകതൊഴിലാളി പെൻഷൻ ഇനത്തിലുള്ള ചെലവും AFS ൽ ഉൾപ്പെട്ടിട്ടില്ല.

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.02.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11612 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1. ക്യാഷ് ബുക്കിൽ 12.102018 മുതലുള്ള എൻട്രികൾ ചേർത്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 2018-19 ലെ പർച്ചേസുകളുമായി ബന്ധപ്പെട്ട സ്റ്റോക്ക് വിതരണ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ഹെഡ് മിസ്ട്രസ്സ് പ്രൊജക്റ്റ് രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.01.2020 | 12/2019 | 15.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.11.2003 | 1997-98 മുതൽ 2002-03 വരെ | 25.02.2004 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. പുറത്തൂർ സർവ്വീസ് സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലെ 31.03.2019 ലെ യഥാർത്ഥ നീക്കിയിരിപ്പ് തുക 8,57,449.15 രൂപയാണ്, ആയത് 8,71,639 എന്നാണ് വാർഷിക ധനകാര്യ പത്രികയിൽ (RP-40b) കാണിച്ചിരിക്കുന്നത്. വ്യത്യാസം 14,190രൂപ

2. ദീർഘകാലമായി ഇടപാടുകൾ ഇല്ലാത്ത താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

| ക്ര.ന | അക്കൗണ്ട് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് (വാർഷിക ധനകാര്യ പത്രിക പ്രകാരം 31.03.2019) | അവസാനമായി ഇടപാടു നടന്ന തിയതി |
|---|---|---|---|---|
| 1 | SBI – തിരൂർ | 67031231435 | 104840 | 06.12.2013 |

| | | | | |
|---|---|---|---|---|
| | SSA | | | |
| 2 | SBI – തിരൂർ OAP | 10611583937 | 1513578.38 | 20.03.2017 |
| 3 | SBI – തിരൂർ Maternity Benefit Scheme | 10611583948 | 2537.24 | 07.10.2016 |

3. ലേലം ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരവും ഡിമാന്റ് രജിസ്റ്റർ പ്രകാരവും ഉള്ള

ഡിമാന്റ് - കളക്ഷൻ തുകകളിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| ക്രം.ന | ലേലം | വാർഷിക ധനകാര്യ പത്രിക പ്രകാരം തുക | ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|---|
| 1 | ഡിമാന്റ് | 116000 | 245980 | 129980 |
| 2 | കളക്ഷൻ | 116000 | 231080 | 115080 |

4. വാർഷിക ധനകാര്യ പത്രിക പ്രകാരം മത്സ്യമാർക്കറ്റ് രസീപ്റ്റ് ഇനത്തിൽ കുടിശ്ശികയില്ല. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ടി ഇനത്തിൽ 14,900 രൂപ കുടിശ്ശികയുണ്ട്.

5. പാട്ടം ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 60,000 രൂപ ഡിമാന്റും കളക്ഷനും ഉണ്ട് എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ആയത് 51,000 രൂപ മാത്രമാണ്.

6. ലൈഫ് പദ്ധതിക്കായി ഗ്രാമ പഞ്ചായത്തിന് KURDFC യിൽ നിന്ന് 2,62,63,673 രൂപ വായ്പ ലഭിച്ചിട്ടുണ്ട് 2018-19 വർഷത്തിൽ ടി വായ്പയുടെ തിരിച്ചടവ് ഇനത്തിൽ 2,58,40,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് പ്രകാരം 31.03.2019 ന് തിരിച്ചടക്കാനവശേഷിക്കുന്ന ബാലൻസ് 4,23,673 രൂപയാണ്, എന്നാൽ വാർഷിക ധനകാര്യ പത്രിക B-5 പ്രകാരം വർഷാവസാനത്തെ നീക്കിയിരിപ്പ് 2,62,63,673 തുകയാണ്.

7. B-5, B-16 എന്നീ ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. ലൈഫ് പദ്ധതി വായ്പ തിരിച്ചടവ് ഇനത്തിൽ 2,58,40,000 രൂപ 2018-19 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യ പത്രികയിൽ ചെലവായി കാണിച്ചിട്ടില്ല.

9. ബാലൻസ് ഷീറ്റ് B-12 പ്രകാരം സാമ്പത്തിക വർഷാവസാനം 26,57,820 രൂപയുടെ നിക്ഷേപം ഉണ്ട്. ആയത് പരിശോധിക്കാനവാശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

10. RP-9 പ്രകാരം 158841 രൂപ ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശയിനത്തിൽ വരവ് ഉണ്ട്. ആയത് പരിശോധിക്കാനവാശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

10. അഡ്വാൻസ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ബി-18 ലെ 40,41,109 രൂപയുടെ കൃത്യത ഉറപ്പ് വരുത്താനായില്ല

11. നിക്ഷേപ ഇനത്തിൽ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ്-ചെലവ് തുകകളും നിക്ഷേപ രജിസ്റ്റർ പ്രകാരമുള്ള വരവ്-ചെലവ് തുകകളു തമ്മിൽ ചുവടെ കൊടുത്തിരിക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| RP -34 | ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക | നിക്ഷേപ രജിസ്റ്റർ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള തുക |
| വരവ് | Bidders' Earnest Money Deposit | 9550 | 13800 |
| വരവ് | Bidders' Security Deposit | 15000 | 17500 |
| ചെലവ് | Bidders' Earnest Money Deposit | 25300 | 30550 |

12. നിക്ഷേപ ഇനത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള വരവ്-ചെലവുകൾ ഉണ്ടെങ്കിലും ആയത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| വരവ് | നിക്ഷേപ രജിസ്റ്റർ പ്രകാരമുള്ള തുക | ചെലവ് | നിക്ഷേപ രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|---|
| Contractors' Earnest Money Deposit | 1000 | Bidders' Security Deposit | 2000 |
| Contractors' Security Deposit | 1000 | Contractors' Security Deposit | 1000 |
| | | Contractors' Earnest Money Deposit | 4000 |

13. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിനു മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.തൻവർഷം ആർജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിട്ടില്ല.വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുകളുടെ മൂല്യം ഉൾപ്പെടുത്തി രജിസ്റ്റർസൂക്ഷിച്ചിട്ടില്ല.

14. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ഉൾപ്പെട്ട താഴെ പറയുന്ന ചെലവഴിക്കാൻ അവശേഷിക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| Code No | Particulars | Amount |
|---|---|---|
| 320100115 | Centrally Sponsored Scheme- Total Sanitation Campaign<br>(TSC) | 827738 |
| 320100121 | Centrally Sponsored Scheme- Integrated | 1028624 |

| | | |
|---|---|---|
| | Child<br><br>Development Scheme (ICDS) | |
| 320100128 | Centrally Sponsored Scheme-Rashtriya Madhyama Shikhsha<br><br>Abhiyan | -582466 |
| 320200322 | Grants from Suchithwa Mission | 1832186 |
| 320300103 | Grants, Funds & Contributions for Specific Purposes -<br><br>Other Government Agencies - Total Sanitation | 800 |
| 320700204 | Contributions for Joint Venture Projects (for Revenue<br><br>Expenditure) - from Block Panchayats | 112183 |
| 320700205 | Contributions for Joint Venture Projects (for Revenue<br><br>Expenditure) - from District Panchayats | 4048020 |
| 320700404 | Contributions for Other Specific Purposes (for Revenue<br><br>Expenditure)- from Block Panchayats | 122684 |
| 320700405 | Contributions for Other Specific Purposes (for Revenue<br><br>Expenditure)- from District Panchayats | 2700 |
| 320800101 | Beneficiary Contributions | 744 |
| 320800299 | Donations to Flood | 25549 |
| 320900101 | Nirmal Puraskar | 250000 |

15. പ്രത്യേക ഗ്രാന്റ് അനുവദിച്ചത് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നീക്കിയിരിപ്പായി സൂക്ഷിച്ചിട്ടുണ്ട്. ലയബിലിറ്റി ഹെഡിൽ ബുക്ക് ചെയ്തിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കുന്ന സമയത്ത് ജേർണൽ എൻട്രി വഴി ഇൻകം ഹെഡിലേക്ക് മാറ്റുന്നില്ല എന്ന് മുൻ വർഷ ധനകാര്യ പത്രികയിലെ അതേ തുകകൾ തന്നെ തൻ വർഷ പത്രികയിലും carry over ചെയ്ത് വന്നതിലൂടെ വ്യക്തമാവുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| Code No | Particulars | Amount |
|---|---|---|
| 320100299 | Grants, Funds & Contributions for Specific Purposes -<br><br>Other Central Government Grants - Other Grants | 1250000 |
| 320200104 | Development Fund - Central Finance Commission Grant | 2320000 |
| 320200301 | Grants, Funds & | 300000 |

| | | |
|---|---|---|
| | Contributions for Specific Purposes –<br>Other than Development Fund and State Sponsore | |
| 320200302 | Grants, Funds & Contributions for Specific Purposes –<br>Other than Development Fund and State Sponsore | 37500 |

16. സേവന സ്റ്റേറ്റ്മെന്റ് പ്രകാരം 51,75,600 രൂപ തൻവർഷം സാമൂഹ്യ ക്ഷേമ പെൻഷൻ – Pension for Agricultural Workers ഇനത്തിൽ വിതരണം ചെയ്തതിട്ടുണ്ട്, എന്നാൽ ആയത് I-6 &I-14 d എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല.

17. ബാങ്ക് റീക്കൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കുന്നത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

18. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

19. Fixed asset കളുടെ തേയ്മാനം കണക്കാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ തേയ്മാനം രേഖപ്പെടുത്തിയതിന്റെ അനുബന്ധ രേഖകൾ ( Rate of depreciation, book value of asset, life time of asset etc.) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

20. Capital work in progress സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

21. Balance Sheet ലെ ബി-4 ഷെഡ്യൂൾ പ്രകാരം Literacy Scheme Grant എന്ന ഇനത്തിലെ തുക 2701 രൂപയാണ്, എന്നാൽ അതേ ആവശ്യത്തിനായി സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (ബി-17) ൽ PSCB സാക്ഷരതയിൽ 2818 രൂപയാണ് വന്നിട്ടുള്ളത്. വ്യത്യാസം 117 രൂപ.

22. വസ്തു നികുതി ഇനത്തിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി പിരിച്ചെടുത്തത് 2019-20 ലാണ്. എന്നാൽ കുടിശ്ശിക (₹3269) സംബന്ധിച്ച വിവരം ബാലൻസ് ഷീറ്റ് ബി-15 ൽ ആയത് കാണിച്ചിട്ടില്ല.

| ക്ര.ന | കെട്ടിട നമ്പർ | പേര് | നിർണയിച്ച നികുതി & വർഷം | 2018-19 കുടിശ്ശിക |
|---|---|---|---|---|
| 1 | 1/343 UA | ശ്രീ. മജീദ് | 2018-19 Full Year<br>1733 (1680+83) | 1733 |
| 2 | 6/382 UA | ശ്രീ. മുഹമ്മദ് | 2018-19 $2^{nd}$ Half<br>2366 (2253+113) | 1182 |
| 3 | 7/319 B | ശ്രീ. സിദ്ദീഖ് | 2018-19 $2^{nd}$ Half<br>690 (657+33) | 344 |
| 4 | 17/157 | ശ്രീമതി. സഫിയ മുതൽപേർ | 2018-19 $2^{nd}$ Half<br>20 (20+1) | 10 |
| | | | ആകെ | 3269 |

23.ആന്വൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
24. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

<u>ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകതകൾ</u>

1.സാധുക്കളായ വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 19 ഗുണഭോക്താക്കൾക്ക് 30000 രൂപ വീതം 570000 രൂപ ചെലവ് ചെയ്തിട്ടുണ്ട് . ആയത് AFS ൽ ഉൾപ്പെട്ടിട്ടില്ല.
2.കർഷകതൊഴിലാളി പെൻഷൻ ഇനത്തിലുള്ള ചെലവും AFS ൽ ഉൾപ്പെട്ടിട്ടില്ല.

3. പ്രോ.നം-4/2018-19 ലൈഫ് ഭവന പദ്ധതി ജനറൽ ഇനത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ 2018-19 സാമ്പത്തിക വർഷത്തിൽ 1573331 രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ സുലേഖ സോഫ്റ്റ്‌വെയറിൽ 253331 രൂപയുടെ ചെലവ് പോസ്റ്റ് ചെയ്യാൻ വിട്ട് പോയിട്ടുണ്ട് . ഈയിനത്തിൽ യഥാർത്ഥത്തിൽ നീക്കിയിരിപ്പുള്ള തുക 1300989 രൂപ മാത്രമാണ്.
4.മാന്വൽ ഡ്രഡ്ജിങിലെ ചെലവായ 20954914 രൂപ Operation & Maintenance എന്ന ഹെഡിൽ അകൗണ്ട് ചെയ്യുന്നതിന് പകരം Daily Wages എന്ന ഹെഡിലാണ് അകൗണ്ട് ചെയ്തിട്ടുള്ളത്.

## 1-12 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന ഫീസ്, സ്ഥാപനത്തിന്റെ ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിന്നും ഭേദഗതി ചെയ്ത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുണ്ട്. മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തരം തിരിക്കാവുന്നതാണ്. എന്നാൽ രജിസ്റ്ററിലോ അനുബന്ധ രേഖകളിലോ സ്ഥാപനത്തിന്റെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തരം തിരിക്കുകയോ ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. ഭേദഗതി പ്രകാരം ലൈസൻസ് അനുവദിക്കുന്നതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

2. 2017-18, 2018-19 എന്നീ വർഷങ്ങളിലെ ലൈസൻസ് രജിസ്റ്റർ, ട്രൈഡേഴ്സ് ലിസ്റ്റ് എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു.

| | |
|---|---|
| ട്രൈഡേഴ്സ് ലിസ്റ്റ് | 208 |
| 2017-18 ലൈസൻസ് രജിസ്റ്റർ | 188 |
| 2018-19ലൈസൻസ് രജിസ്റ്റർ | 176 |

2017-18 , 2018-19 വർഷങ്ങളിലെ ലൈസൻസ് നേടിയ സ്ഥാപനങ്ങളുടെ എണ്ണം വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു. എന്നാൽ പഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതിന്റെ വിവരങ്ങൾ രേഖകളിൽ ഇല്ല. ലൈസൻസ് ഇല്ലാതെയും ലൈസൻസ് പുതുക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻ കഴിയും വിധം ട്രേഡേഴ്സ് ലിസ്റ്റും അനുബന്ധ രേഖകളും സൂക്ഷിക്കേണ്ടതാണ്.

## 1-13 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽപ്പെട്ട യാതൊരു സ്ഥലവും ബന്ധപ്പെട്ട ചട്ടങ്ങളിലെ 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ

കൂട്ടതലോ ആവശ്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. 2018-19 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 10 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്.

സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.01.2019 ലെ നം . (സി.എസ്) എ 9 -764 /2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കുവാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ / സ്ഥാപനത്തിന്റെ പേര് | ARD നമ്പർ |
|---|---|---|
| 1 | യാസർ അറഫാത്ത് | 2 |
| 2 | TCRB തൃക്കണ്ടിയൂർ | 3 |
| 3 | പി.വി അബ്ദുൾ കരീം | 4 |
| 4 | കെ. പി അബൂബക്കർ | 18 |
| 5 | കെ. വി ശറഫുദീൻ | 119 |
| 6 | കെ. ഹംസ കളത്തിങ്ങൽ | 252 |
| 7 | കെ. പി അബൂബക്കർ | 253 |
| 8 | കെ. സുമീല കരിയാട്ടത്ത് | 254 |
| 9 | അബ്ദുൾ മജീദ് മീനടത്തൂർ | 256 |
| 10 | അബ്ദുൾ കരീം പുത്തൻ വീട്ടിൽ | - |

13.03.2019 ന് പുറത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി B4-/6663/18 നമ്പർ കത്ത് പ്രകാരം മുകളിൽ പറഞ്ഞ സ്ഥാപനങ്ങളോട് തൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ട് കത്ത് നൽകിയിരുന്നു. എന്നാൽ ടി സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കുകയോ , ലൈസൻസ് നേടുകയോ ചെയ്തിട്ടില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ട പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 അങ്കൺവാടികൾക്ക് പ്രഷർകുക്കർ, കുടിവെള്ള സംഭരണി വാങ്ങിയതിൽ അപാകത – 24768 രൂപ തടസ്സം ചെയ്യുന്നു

നിർവഹണ ഉദ്യോഗസ്ഥ - ICDS സൂപ്പർവൈസർ

പ്രോജക്റ്റ് നം - S0149/19

ബിൽ - 12/23.3.19

ചെലവ് തുക - 61968

അങ്കൺവാടികൾക്ക് സ്റ്റീൽ പ്രഷർ കുക്കർ, കുടിവെള്ള സംഭരണി എന്നിവ വാങ്ങി നൽകുക എന്ന പദ്ധതിയുടെ ഭാഗമായി ക്വട്ടേഷൻ ക്ഷണിച്ചതിൽ താഴെ പറയുംപ്രകാരം 3 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചു.

| സ്ഥാപനം | സ്റ്റീൽ പ്രഷർ കുക്കർ (Prestege)<br>5 Ltre | സ്റ്റീൽ ജാർ ( With Tap)<br>25 Ltre |
|---|---|---|

| | | |
|---|---|---|
| രാജധാനി ഏജൻസീസ്, പാലക്കാട് | 2484 | 1248 |
| ഫൗസിയ ഗ്രൂപ്പ് , കൊണ്ടോട്ടി | 1512 | 2968 |
| ഫിഡ്കോ എന്റർപ്രൈസസ്, മഞ്ചേരി | 2624 | 2724 |

8.12.17 ലെ 1/PP/22/1/305/2017 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം പ്രഷർ കുക്കറിന് (Prestege) കുറവ് രേഖപ്പെടുത്തിയ ഫൗസിയ ഗ്രൂപ്പ് , കൊണ്ടോട്ടിയുടെ 1512 രൂപ നിരക്ക് കാണിച്ച ക്വട്ടേഷനും സ്റ്റീൽ ജാറിന് ( With Tap) കുറവ് രേഖപ്പെടുത്തിയ രാജധാനി ഏജൻസീസ്, പാലക്കാടിന്റെ 1248 രൂപ നിരക്ക് കാണിച്ച ക്വട്ടേഷനും അംഗീകരിച്ചു. എന്നാൽ ഫൗസിയ ഗ്രൂപ്പുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാർ ഒപ്പുവച്ചിട്ടില്ല. മാത്രമല്ല, പ്രസ്തുത സ്ഥാപനത്തിന് രേഖാമൂലം സപ്ലൈ ഓർഡർ നൽകുകയോ ചെയ്തിട്ടില്ല. സ്റ്റീൽ പ്രഷർ കുക്കറിന് പകരം അലുമിനിയം പ്രഷർ കുക്കറാണ് വിതരണം ചെയ്തിട്ടുള്ളത് എന്നും ആയത് തിരിച്ചെടുത്ത് സ്റ്റീൽ പ്രഷർ കുക്കർ ലഭ്യമാക്കേണ്ടതാണ് എന്നും കാണിച്ച് ഫൗസിയ ഗ്രൂപ്പ് , കൊണ്ടോട്ടിക്ക് എഴുതിയ തിയതി രേഖപ്പെടുത്താത്ത കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ കത്തിന് മറുപടി ലഭിക്കാത്തതിനാൽ, നിർവഹണ ഉദ്യോഗസ്ഥയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 6.6.18 ലെ 2/PP/17/2/219/18 ഭരണ സമിതി തീരുമാന പ്രകാരം പ്രഷർ കുക്കറിന് (Prestege) രണ്ടാമത് കുറവ് രേഖപ്പെടുത്തിയ രാജധാനി ഏജൻസീസ്, പാലക്കാടിൽ നിന്നും പ്രഷർ കുക്കർ വാങ്ങുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ബിൽ പ്രകാരം അനുവദിച്ച തുക

| | | |
|---|---|---|
| സ്റ്റീൽ പ്രഷർ കുക്കർ (Prestege) -<br>5 Ltre | 18 nos @ 2384 | 42912 |
| സ്റ്റീൽ ജാർ ( With Tap)<br>25 Ltre | 8 nos @2382 | 19056 |
| Total | | 61968 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. ഫൗസിയ ഗ്രൂപ്പ് , കൊണ്ടോട്ടി സമർപ്പിച്ച ക്വട്ടേഷനിൽ സ്റ്റീൽ പ്രഷർ കുക്കർ (Prestege) - 5 Ltre എന്നാണ് രേഖപ്പെടുത്തയിരിക്കുന്നത്. അതുകൊണ്ട് തന്നെ ക്വട്ടേഷനിൽ കാണിച്ച സാധനങ്ങൾ തന്നെ വിതരണം ചെയ്യാൻ സ്ഥാപനം ബാധ്യസ്ഥരാണ്. എന്നാൽ നിയമപ്രകാരമുള്ള കരാർ ഉടമ്പടി സ്ഥാപനവുമായി നിർവഹണ ഉദ്യോഗസ്ഥ ചമച്ചിട്ടില്ല. ക്വട്ടേഷനിൽ കാണിച്ച സാധനങ്ങൾ നിശ്ചയിച്ച ഗുണനിലവാരത്തിലും നിരക്കിലും വിതരണം ചെയ്യാത്ത സാഹചര്യത്തിൽ ഉണ്ടാകുന്ന നഷ്ടം സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നെങ്കിൽ 20448 രൂപയുടെ നഷ്ടം ഗ്രാമ പഞ്ചായത്തിന് ഒഴിവാക്കാമായിരുന്നു. ഫൗസിയ ഗ്രൂപ്പ് , കൊണ്ടോട്ടിയിൽ നിന്നും വാങ്ങുന്നതിന് പകരം രാജധാനി ഏജൻസീസ്, പാലക്കാടിൽ നിന്നും വാങ്ങിയപ്പോഴുണ്ടായ വില വ്യത്യാസം 872 രൂപ (2384-1512 = 872x18 = 15696).

2. 14.2.18 ന് രാജധാനി ഏജൻസീസ്, പാലക്കാടിന് സ്റ്റീൽ ജാർ 25 Ltre ( With Tap) വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റീൽ ജാറിന് 1248 രൂപ നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ 2382 രൂപക്കാണ് രാജധാനി വിതരണം ചെയ്തത്. സ്ഥാപനത്തിന് അധികം നൽകിയത് – 9072 രൂപ (1134x8).

3. ക്വട്ടേഷൻ പ്രകാരമുള്ള സാധനങ്ങളുടെ സാംപിൾ ലഭ്യമാക്കി ഗുണനിലവാരം പരിശോധനാവിധേയമാക്കിയതിന് ശേഷം മാത്രമാണ് സപ്ലൈ ഓർഡർ നൽകേണ്ടത്. പദ്ധതിപ്രകാരം വാങ്ങിയ സാധനങ്ങളുടെ സാംപിൾ പരിശോധനാവിധേയമാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ വിതരണം ചെയ്ത സാധനങ്ങളുടെ ഗുണ നിലവാരം വ്യക്തമല്ല.

4. ഫൗസിയ ഗ്രൂപ്പ് , കൊണ്ടോട്ടിയുടെ EMD തുക 620 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. (രസീത് നം.117060107113/22.11.17)

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( AUDIT ENQUIRY No. 6 / 17.2.20 ) മറുപടിയായി അറിവില്ലായ്മ കൊണ്ടാണ് കരാർ വെക്കാത്തതെന്നും സാമ്പിൾ ലഭ്യമാക്കി ഗുണനിലവാര പരിശോധനാ വിധേയമാക്കിയിട്ടുണ്ടെന്നും അറിയിച്ചു. അധികം നൽകിയ തുകക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 24768 രൂപ തടസ്സം ചെയ്യുന്നു.

# 1-15 ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അംഗൻവാടി പോഷകാഹാര (പ്രോജക്ട് നം.S0013/19) പദ്ധതിയുടെ ഭാഗമായി 6 മാസം മുതൽ 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വിതരണം ചെയ്തിട്ടുണ്ട്. പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്ത്- കുടുംബശ്രീയുടെ ചൈതന്യം അമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്ര.ന</th><th>തൂക്കം (കി.ഗ്രാം)</th><th>വില (GST ഉൾപ്പെടെ)</th><th>ട്രാൻസ്പോർട്ടേഷൻ ചാർജ്</th><th>ആകെ</th><th>ബിൽ / ചെക്ക് നമ്പർ /തിയതി</th></tr>
<tr><td>1</td><td>2304.5</td><td>169380.75 (2304.5x73.5)</td><td>1152.25</td><td>170533</td><td>5/9.11.18</td></tr>
<tr><td>2</td><td>2250</td><td>165375 (2250x73.5)</td><td>1125</td><td>166500</td><td>2535266/22.1.19</td></tr>
<tr><td>3</td><td>2175</td><td>159860 (Rounded) (2175x73.5)</td><td>1087</td><td>160947</td><td rowspan="3">3/16.8.18</td></tr>
<tr><td>4</td><td>2375</td><td>174562.5 (2375x73.5)</td><td>1187.5</td><td>175750 (Limited to 172050)</td></tr>
<tr><td>5</td><td>2300</td><td>169050 (2300x73.5)</td><td>1150</td><td>170200</td></tr>
<tr><td>6</td><td>2325</td><td>170887.5 (2375x73.5)</td><td>1162.5</td><td>172050</td><td>10/13.3.19(80000)<br>11/13.3.19(18769<br>2535286/22.3.19<br>(73281)</td></tr>
<tr><td>ആകെ</td><td>13779.5 കി.ഗ്രാം</td><td></td><td></td><td>1015980</td><td></td></tr>
</table>

ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ട് മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കാനും സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 05.06.10 ലെ ഐ.സി.ഡി.എസ് ബി 3-312/2010 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം പരിശോധനകൾ 2018-19 വർഷത്തിൽ

നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേൻമ വിലയിരുത്താതെ വിതരണം ചെയ്തത് ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു. യഥാസമയങ്ങളിൽ ഫുഡ് ടെസ്റ്റ് നടത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( AUDIT ENQUIRY No. 7 / 17.2.20 ) മറുപടിയായി ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേൻമ വിലയിരുത്തിയതിന്റെ രേഖകൾ ഹാജരാക്കാമെന്നറിയിച്ചു.

# 1-16 അങ്കൺവാടികൾക്ക് സാധനങ്ങൾ വാങ്ങൽ – ഗുണനിലവാരം പരിശോധനവിധേയമാക്കുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥ - ICDS സൂപ്പർവൈസർ

പ്രോജക്റ്റ് നം - S0054/19

ബിൽ - 4/9.11.18 - 90000

ചെക്ക് നം.-2535240/6.12.18 - 9776

ചെലവ് തുക - 99776

അങ്കൺവാടികൾക്ക് സാധനങ്ങൾ (ഫർണ്ണീച്ചർ) വാങ്ങി നൽകുക എന്ന പദ്ധതിയുടെ ഭാഗമായി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മാളിയേക്കൽ പ്രൊഡക്റ്റ് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്

| ഇനം | എണ്ണം | തുക |
|---|---|---|
| സ്റ്റീൽ കുക്കർ (Butterfly) | 13 | 30160 |
| അരിപ്പെട്ടി (18 guage) | 3 | 16500 |
| സ്ററീൽ ജാർ (25 Ltre) | 10 | 19980 |
| ഫൈബർ ചെയർ (Nilkamal) | 31 | 15376 |
| അലമാര ( 18 guage) | 3 | 17760 |
| ആകെ | | 99776 |

സാമ്പിൾ പരിശോധിച്ചാൽ മാത്രമെ ഗുണനിലവാരം ഉറപ്പ് പറയാൻ സാധ്യമാകൂ എന്ന് കാണുന്ന സാധനങ്ങളെ സംബന്ധിച്ച്, സാംപിൾ ലഭ്യമാക്കി ഗുണനിലവാരം പരിശോധനാവിധേയമാക്കിയതിന് ശേഷം മാത്രമാണ്, സപ്ലൈ ഓർഡർ നൽകേണ്ടത്. എന്നാൽ ഈ പദ്ധതിപ്രകാരം വാങ്ങിയ ഒരു സാധനത്തിന്റെയും സാംപിൾ പരിശോധനാവിധേയമാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ വിതരണം ചെയ്ത സാധനങ്ങളുടെ ഗുണ നിലവാരം വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( AUDIT ENQUIRY No. 8 / 17.2.20 ) മറുപടിയായി SIDCO യിൽ നിന്നുള്ള ക്വാളിറ്റി ഇൻസ്പെക്ഷൻ സൂപ്പർവൈസറുടെ കത്താണ് ലഭ്യമാക്കിയത്. ഇത്തരം വാങ്ങലുകളിൽ സാംപിൾ ലഭ്യമാക്കി ഗുണനിലവാരം പഞ്ചായത്തിൽ നിന്നും പരിശോധനാവിധേയമാക്കി ഉറപ്പുവരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 തെരുവ് വിളക്ക് റിപ്പയർ - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് - 8/19 (തനത് ഫണ്ട്)

അടങ്കൽ - 3,00,000

ചെക്ക് നം - 1906302/28.3.19 – 157696

ചെലവ് - 157696 (Part bill)

ഗ്രാമ പഞ്ചായത്ത് പരിധിയിലെ 380 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് ശരിയാക്കുന്നതിന് 3,00,000 രൂപയുടെ കരാർ Light on Energy , Tirur എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ 21.1.19 ലെ അപേക്ഷ പ്രകാരം 200 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് ശരിയാക്കിയതിന് മേൽ ചെക്ക് പ്രകാരം 157696 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 04/2018-19 തി.9.10.18 നമ്പർ കരാർ പ്രകാരം 9.10.18 മുതൽ 8.10.19 വരെയാണ് AMC (Annual Maintenance Contract) കാലയളവ്.

| നിരക്ക് | എണ്ണം | തുക |
|---|---|---|
| 704 | 200 | 140800 |
| GST (12%) | - | 16896 |
| | | 157696 |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. തെരുവ് വിളക്കുകളുടെ രജിസ്റ്റർ പ്രകാരം തെരുവ് വിളക്കുകളുടെ എണ്ണം

| ഇനം | വാട്ട് | എണ്ണം |
|---|---|---|
| LED | 24 | 521 |
| LED (SC Colony) | 24 | 142 |
| LED | 40 | 127 |
| CFL | - | 50 |
| Fluorescent Lamp | 80 | 1 |

മേൽ തെരുവ് വിളക്കുകളിൽ ഏതൊക്കെ വാർഡുകളിൽ ഏതൊക്കെ പോസ്റ്റുകളിലെ തെരുവ് വിളക്കുകളാണ് പദ്ധതിയിൽ റിപ്പയർ ചെയ്യേണ്ടതെന്ന് പദ്ധതിയിൽ വ്യക്തമാക്കിയിട്ടില്ല.

2. കേടുവന്ന തെരുവ് വിളക്കുകളെ സംബന്ധിച്ച എസ്റ്റിമേറ്റ് KSEB യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

3. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രപ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ മെമ്പർമാരുടെ സാക്ഷ്യപത്രപ്രകാരം റിപ്പയർ ചെയ്തതായി കാണിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ (പോസ്റ്റുകളുടെ) എണ്ണം 196 ആണ്. 4 എണ്ണത്തിന്റെ തുക 3154 രൂപ ( 4x704 = 2816+338(GST) = 3154) അധികമായി അനുവദിച്ചു. പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകുന്ന സമയത്ത് 3154 രൂപ അധികമായി അനുവദിച്ചത് ക്രമീകരിക്കേണ്ടതാണ്

4. പരാതി രജിസ്റ്ററിൽ 7 പരാതികൾ മാത്രമാണ് രേഖപ്പെടുത്തി കാണുന്നത്. അതുകൊണ്ട് തന്നെ റിപ്പയർ ചെയ്തു പറയുന്ന തെരുവ് വിളക്കുകളുടെ ആധികാരികത വ്യക്തമല്ല.

5. നന്നാക്കിയ തെരുവ് വിളക്കുകൾക്ക് വേണ്ടി വാങ്ങിയ ഉപകരണങ്ങളുടെ വിവരം / ബിൽ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( AUDIT ENQUIRY No. 10 / 17.2.20) മറുപടിയിൽ പദ്ധതിയുടെ ഭാഗമായി 380 തെരുവ് വിളക്കുകൾ നന്നാക്കി കരാറുകാരൻ ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ടെന്നും അതിൽ നിന്നും അധികം നൽകിയ തുക ക്രമീകരിക്കുന്നതാണെന്നും അറിയിച്ചു. അതാത് വാർഡുകളിൽ നിന്നും കത്താത്ത ബൾബുകളുടെ വിവരം മെമ്പർമാർ നൽകുന്നതിനനുസരിച്ചാണ് കരാറുകാർക്ക് വിവരം നൽകുന്നതെന്ന മറുപടി അംഗീകരിക്കുന്നില്ല. തൃപ്തികരമായ മറുപടി ഓഡിററ് റിപ്പോർട്ടിനുള്ള

ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. തുക ക്രമീകരിക്കുന്നത് വരെ അധികമായി അനുവദിച്ച 3154 രൂപ അനുവദിക്കുന്നില്ല. മറ്റ് അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 154542 രൂപ തടസ്സം ചെയ്യുന്നു.

## 1-18 മരുന്ന് സ്റ്റോക്കിൽ എടുത്തിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ" ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (പ്രൊജക്ട് നം.63/18-19, തുക 6 ലക്ഷം, ബിൽ നം.2/18-19തി.20.7.2018) എന്ന പദ്ധതിയിൽ താഴെ കാണുന്ന ഇനങ്ങൾ, ഇൻവോയ്സ്(ഔഷധി ഫാർമസ്യൂട്ടിക്കൽ, കുട്ടനെല്ലൂർ) പ്രകാരം പേജ് നമ്പർ സഹിതം സ്റ്റോക്ക് എൻട്രി വരുത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദ പരിശോധനയിൽ ആയത് സ്റ്റോക്കിൽ വന്നിട്ടില്ലെന്ന് കാണുന്നു.

| ഇൻവോയ്സ്/തിയതി | മരുന്നിന്റെ പേര് | അളവ് | യൂണിറ്റ് നിരക്ക് | തുക |
|---|---|---|---|---|
| 90088240<br>31.10.18 | പിണ്ഡതൈലം | 174 | 137 | 23838 |

അപാകതക്ക് വിശദീകരണം നൽകേണ്ടതാണെന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-14/18-2-2020 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല .സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങൾ/സാക്ഷ്യപത്രം ഹാജരാക്കുകയോ ചെലവുതുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. ചെലവു തുക 23838 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-19 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ" ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ " എന്ന പദ്ധതിയിൽ (പ്രൊജക്ട് നം.58/18-19) ബിൽ നം.7/18-19 തി.17.12.2018 പ്രകാരം മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി 1,33,713 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്,തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.ആയതിൽ മരുന്നുകളിൽ താഴെ കാണും പ്രകാരമുള്ളവ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് | തിയതി | തുക |
|---|---|---|
| 7916 | 09.11.19 | 8168 |
| 8386 | 01.12.19 | 46307 |
| 8245 | 13.11.19 | 12580 |
| 8387 | 14.11.19 | 18008 |
| 10051 | 22.01.20 | 4053 |
| 10124 | 24.01.20 | 6472 |
| | | 33713 (ഓഡിറ്റ് വേളയിൽ ലഭ്യമായത്) |
| ആകെ | | 129301 |

ഓഡിറ്റ് എൻക്വയറി നമ്പർ-13/17-2-2020 ന് നൽകിയ മറുപടിയിൽ ശേഷിക്കുന്ന 4412 രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു.ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 1-20 ഇല്ലിക്കൽ തറ നടപ്പാത കോൺക്രീറ്റിംഗ് - പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയത് സംബന്ധിച്ച്

പ്രൊജക്ട് നം : 156/19 (174/18)

അടങ്കൽ : 200000

ടി.എസ് നം. : 49220/2018-19 (എസ്റ്റിമേറ്റ് നമ്പർ-2017/99063)

DSR 2016, കോസ്റ്റ് ഇൻഡക്സ് 37.25%

കരാർ നം : 08/AE/ LSGD/PRTR/17-18 തീയ്യതി.27.11.17

കരാറുകാരൻ : എ.പി.പ്രകാശൻ

എംബുക്ക് നം: 149/17-18

ചെലവ് : 184988.00 ബിൽ നം.62/27.03.2019

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ പ്രവൃത്തി സ്ഥലം 28.11.17 ന് കരാറുകാരൻ ഏറ്റെടുത്തിട്ടുണ്ട്. പ്രൊജക്ടിന്റെ പ്രവൃത്തി പൂർത്തീകരണ തീയ്യതി 31.3.2018 ആണ്യ. അതിർത്തി തർക്കം ഉള്ളത് കാരണം പ്രവൃത്തി തുടർന്ന് നടത്താൻ കഴിയുന്നില്ല എന്ന കരാറുകാരന്റെ 12.6.2018 ലെ കത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി പൂർത്തീകരണ സമയം 30.9.2018 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 12.6.2018 തീയ്യതിയിലെ കത്തിൽ ഉന്നയിച്ച കാര്യത്തിൽ തീരുമാനം ഉണ്ടാകാത്തതിനാൽ പ്രവൃത്തി നടത്താൻ കഴിഞ്ഞിട്ടില്ലെന്നും, സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരുന്നതുകാരണമുള്ള നിയമപരമായ ഉത്തരവാദിത്വം തന്നെ ബാധിക്കാൻ ഇടവരരുതെന്നും വ്യക്തമാക്കി കരാറുകാരൻ 28.12.18 ന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി പൂർത്തീകരണ സമയം 31.3.2019വരെ വീണ്ടുംദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രൊജക്ടി നിർവ്വഹണം പൂർത്തിയായത് 26.2.2019 നാണ് (എം.ബുക്ക് പേജ് നം.11 ൽ രേഖപ്പെടുത്തിയ എസ്റ്റിമേറ്റിലെ അവസാനത്തെ ഇനമായ 1:2:4 കോൺക്രീറ്റിന്റെ അളവെടുത്ത തീയ്യതി) ഇത് സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

എ) പ്രവൃത്തി സ്ഥലം 28.11.17 ന് കരാറുകാരൻ ഏറ്റെടുത്തിട്ടുണ്ടെങ്കിലും, നിയമപ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി കഴിഞ്ഞശേഷമാണ് അതിർത്തി തർക്കം ഉള്ള കാര്യം വ്യക്തമാക്കി കരാറുകാരൻ 12.6.2018 ന് കത്ത് നൽകിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല.

ബി) അതിർത്തിത്തർക്കം ഉള്ള കാര്യം അസിസ്റ്റന്റ് എഞ്ചിനീയർ ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും, ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലാവധി ദീർഘിപ്പിച്ച് നൽകുകയുമാണ് വേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം ചെയ്യാതെ അസിസ്റ്റന്റ് എഞ്ചിനീയർ സ്വമേധയാ പൂർത്തീകരണ സമയം ദീർഘിപ്പിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്.

സി) പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തി പൂർത്തീകരണ സമയം യഥാർത്ഥ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധിരിക്കാവുന്നതല്ല. എന്നാൽ ഈ പ്രൊജക്ടിൽ പ്രസ്തുത നിബന്ധന ലംഘിക്കപ്പെട്ടതായി കാണുന്നു.

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.19/18.02.2020 മുഖേനെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രൊജക്ടിന് വേണ്ടി ചെലവ് ചെയ്ത തുക 184988..00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 1-21 സിംഗിൾ ടെണ്ടറുകൾ അംഗീകരിച്ചത് ക്രമപ്രകാരമല്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ ടെണ്ടർ രജിസ്റ്റർ 2018-19 വാല്യം I പേജ് 15,43 എന്നിവ പ്രകാരം 17.8.2018 ന് ടെണ്ടർ ചെയ്ത താഴെ പറയുന്ന പ്രൊജക്ടുകൾക്ക് യഥാക്രമം ഓരോ ടെണ്ടറുകൾ വീതമാണ് ലഭിച്ചിരുന്നത്.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിവരം | ടെണ്ടററുടെ പേര്, നിരക്ക് |
|---|---|---|
| 1 | പ്രൊജക്ട് നം - 91/19, വെമ്പാന്നൂർ നടപ്പാത<br>കോൺക്രീറ്റിംഗ്<br>ചെലവ് - 116971.00<br>ബിൽ നമ്പർ - 52/19.3.19<br>കരാർ നം - 10/AE/LSGD/PRR/18-19<br>തീയ്യതി.21.11.18<br>എംബുക്ക്നം - 56/18-19 | തിരൂർ താലൂക്ക് ലേബർ കോൺട്രാക്ട് സൊസൈറ്റി-<br>0.025% കുറവ് |
| 2 | പ്രൊജക്ട് നം - 138/19, ഭയങ്കാവ്<br>അങ്കണവാടി നടപ്പാത.<br>ചെലവ് - 290155.00<br>ബിൽ നമ്പർ - 64/26.3.19<br>കരാർ നം - 12/AE/LSGD/PRR/18-19<br>തീയ്യതി.21.11.18<br>എംബുക്ക്നം - 78/18-19 | തിരൂർ താലൂക്ക് ലേബർ കോൺട്രാക്ട് സൊസൈറ്റി-<br>0.05% കുറവ് |

ഭരണസമിതി തീരുമാനം നമ്പർ 3/PP//23.3.328 തീയ്യതി 17.09.18പ്രകാരം സിങ്കിൾ ടെണ്ടർ ലഭിച്ച മേൽ പ്രൊജക്ടുകൾ റീ ടെണ്ടർ ചെയ്യാൻ തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി പ്രസ്തുത ടെണ്ടറുകൾ അംഗീകരിച്ച് കരാറിൽ ഏർപ്പെടുകയും, പ്രവൃത്തി പൂർത്തിയാക്കിയ കരാറുകാരന് മേൽപ്പറഞ്ഞ ബിൽ പ്രകാരം പ്രതിഫലം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.15/18.02.2020 മുഖേനെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രൊജക്ടുകൾക്ക വേണ്ടി ചെലവ് ചെയ്ത തുക 407126..00 രൂപ (16971+ 290155) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

# 1-22 സാങ്കേതിക അനുമതിയിൽ പരിമിതപ്പെടുത്താതെ പ്രതിഫലം നൽകിയത് സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രൊജക്ടുകൾ ടെണ്ടർ ചെയ്ത്, ഓരോ പ്രൊജക്ടിലും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരുടെ ടെണ്ടർ അംഗീകരിച്ച്, കരാർ ചമച്ച്, പ്രൊജക്ടുകളുടെ നിർവ്വഹണം ഏൽപ്പിച്ചിരുന്നു. എന്നാൽ പ്രൊജക്ടുകളുടെ നിർവ്വഹണം പൂർത്തീകരിച്ചപ്പോൾ, ഓരോ പ്രൊജക്ടിന്റെയും ആകെ പ്രവൃത്തി മൂല്യം പ്രസ്തുത പ്രൊജക്ടിന്റെ കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ, മുഴവൻ പ്രവൃത്തിമൂല്യവും അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്ത് പുതുക്കിയ

സാങ്കേതിക അനുമതി വാങ്ങാതെ, അധികം നിർവ്വഹിച്ച പ്രവൃത്തികൾക്ക്, ലഭ്യമായ സാങ്കേതിക അനുമതിയിൽ കവിഞ്ഞ്, ഇപ്രകാരം തുകകൾ അനുവദിച്ചത് ക്രമപ്രകാരമല്ല. ഇതുമൂലം കരാറുകാർക്ക് അർഹമായതിലും അധികം തുകകൾ ലഭിക്കാൻ ഇടയായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

1) <u>ആശാരിപ്പടി പള്ളിപ്പടി റോഡ്.</u>

പ്രൊജക്റ്റ് നം : 158/19 (182/18, അടങ്കൽ10,00,000 രൂപ)

അധികം നൽകിയത് - 953498 - 910550 = 42948.00

2) <u>തുട്ടാൻ പടി കുമ്മടിതോട് റോഡ്.</u>

പ്രൊജക്റ്റ് നം : 159/19 (184/18)

അധികം നൽകിയത് - 652769 - 622119 = 30650.00

3) <u>ഉണ്ടപ്പടി ബോട്ട് ജട്ടി റോഡ് പുനരുദ്ധാരണം</u>

പ്രൊജക്റ്റ് നം : 167/19 (209/18)

അധികം നൽകിയത് - 630898 - 617730 = 13168.00

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.17/18.02.2020 മുഖേനെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞപ്രകാരം അധികച്ചെലവ് വന്ന തുക 86366.00 രൂപ ( 42948+ 30650+ 13168) പ്രവൃത്തിയുടെ അളവെടുത്ത് ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

(ഇത് സംബന്ധിച്ച വിശദമായ പരാമർശം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട് )

## 1-23 മേപ്പറമ്പ് തടയണ റോഡ് - തൃത്തല്ലൂർ വെള്ളക്കെട്ട് ഒഴിവാക്കൽ - ഫോം വർക്ക് ചെയ്തത് - അധിക ചെലവ് സംബന്ധിച്ച്.

പ്രൊജക്റ്റ് നം : 193/19

ചെലവ് : 465026.00 ചെക്ക് നം.012458/07.3.19

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ മൂന്നാമത്തെ ഇനം ഡ്രൈനേജിന്റെയും, കൾവർട്ടിന്റെയും, റോഡ് സൈഡ് ഡ്രൈനിന്റെയും പാർശ്വ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിന് താഴെ പറയും പ്രകാരം ഫോംവർക്ക് ചെയ്യലാണ്.

<u>എസ്റ്റിമേറ്റ് പ്രൊവിഷൻ</u> DSR <u>കോഡ്.നം. 5.9.2</u>

| | |
|---|---|
| ആകെ | 101.40 എം2 |

<u>നിർവ്വഹിച്ചത് (എം.ബുക്ക് പേജ് 5,6)</u>

| | |
|---|---|
| കൾവർട്ട്, ഡ്രെയിൻ വാൾ, റോഡ് സൈഡ് ഡ്രെയിൻ | 106.25 എം2@485.74=51609.88 |

DSRസ്പെസിഫിക്കേഷൻ കോഡ് 5.9.1 ന് പകരം കോഡ് 5.9.2 പ്രകാരമുള്ള നിരക്ക് അനുവദിച്ചത് മൂലം 26438.18) രൂപ ഈ പ്രൊജക്റ്റിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. അധികച്ചെലവ് വന്ന തുക 26438.00 രൂപ

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു.

(ഇത് സംബന്ധിച്ച വിശദമായ പരാമർശം ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

## 1-24 പടിഞ്ഞാറേക്കര ജി.യു.പി - സിങ്കിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിന്റെ നിരക്ക് അനുവദിച്ചു..

പ്രൊജക്ട് നം - 60/19,

ചെലവ് - 494970.00, ബിൽ നമ്പർ - 63/26.3.19

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 21 സ്കൂൾ കെട്ടിടത്തോട് ചേർന്ന് ചായ്പ്പ് നിർമ്മിക്കുന്നതിന് ട്രസ്സ്‌വർക്ക് ചെയ്യലാണ്. പർലിൻ ഉൾപ്പെടെയുള്ള ഈ പ്രവൃത്തിക്ക് DSR 10.16.2 കോഡ് പ്രകാരമുള്ള ട്രസ്സ് വർക്കിന്റെ നിരക്കാണ് എസ്റ്റിമേറ്റിൽ അനുവദിച്ചിട്ടുള്ളത്. പർലിന് അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 80.22/kg (basic rate 58.45, COI 37.25% = 21.77) ആണ്. തെറ്റായ സ്പെസിഫിക്കേഷൻ അനുവദിച്ചത് മൂലം ഈ പ്രവൃത്തിയിൽ 7698.02 രൂപ അധികച്ചെലവ് വന്നിട്ടുണ്ട്. ഈ അധികച്ചെലവ് വന്ന തുക 7698.00 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു.

(ഇത് സംബന്ധിച്ച വിശദമായ പരാമർശം ഖണ്ഡിക 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കരാറുകാരൻ കോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ പ്രതിഫലം നൽകിയത് - 86766 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രൊജക്ടുകൾ ടെണ്ടർ ചെയ്ത്, ഓരോ പ്രൊജക്ടിലും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരുടെ ടെണ്ടർ അംഗീകരിച്ച്, കരാർ വെച്ച്, പ്രൊജക്ടുകളുടെ നിർവ്വഹണം ഏൽപ്പിച്ചിരുന്നു. എന്നാൽ പ്രൊജക്ടുകളുടെ നിർവ്വഹണം പൂർത്തീകരിച്ചപ്പോൾ, ഓരോ പ്രൊജക്ടിന്റെയും ആകെ പ്രവൃത്തി മൂല്യം പ്രസ്തുത പ്രൊജക്ടിന്റെ കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ, മുഴുവൻ പ്രവൃത്തിമൂല്യവും അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്ത് പുതുക്കിയ സാങ്കേതിക അനുമതി വാങ്ങാതെ, കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽ കവിഞ്ഞ് ഇപ്രകാരം തുകകൾ അനുവദിച്ചത് ക്രമപ്രകാരമല്ല. ഇതുമൂലം കരാറുകാർക്ക് അർഹമായതിലും അധികം തുകകൾ ലഭിക്കാൻ ഇടയായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

1) <u>ആശാരിപ്പടി പള്ളിപ്പടി റോഡ്.</u>

പ്രൊജക്ട് നം : 158/19 (182/18, അടങ്കൽ10,00,000 രൂപ)

അടങ്കൽ : 100000.00 MG(R)

ടി.എസ് നം. : 47492/2017-18 (എസ്റ്റിമേറ്റ് നമ്പർ-2017/11928)

കരാർ നം : 33/AE/ LSGD/PRTR/17-18 തീയ്യതി.25.01.18

എംബുക്ക് നം: 120/17-18, 135/17-18

എ) അംഗീകരിച്ച നിരക്ക് - 910550.37

ബി) കരാറുകാരന്റെ പേര് - ശ്രീ.പ്രകാശൻ.എ.പി

ഡി) ആകെ പ്രവൃത്തി മൂല്യം - 953498.00

ഇ) അനുവദിച്ച തുക - 953498.00

| ബിൽ നമ്പർ തീയ്യതി | ബിൽ തുക (രൂപ) | കിഴിവുകൾ | | കരാറു കാരന് നൽകിയത് |
|---|---|---|---|---|
| | | 1% I T | 1% KCWWF | |
| 85/05.3.18 | 8,00,000.00 | 8,000.00 | 8,000.00 | 7,84,000.00 |
| 93/17.3.18 | 53,498.00 | 535.00 | 535.00 | 52,428.00 |
| 1/25.5.18 | 1,00,000.00 | 1000.00 | 1000.00 +10 (കളക്ഷൻ ചാർജ്) | 97,990.00 |
| ആകെ | 9,53,498.00 | 9,535.00 | 9,535.00 +10 | 9,34,418.00 |

എഫ്) അധികം നൽകിയത് - 953498 - 910550 = 42948.00

2) <u>തട്ടാൻ പടി കുമ്മടിതോട് റോഡ്.</u>

പ്രൊജക്ട് നം : 159/19 (184/18)

അടങ്കൽ : 700000.00 MG(R)

ടി.എസ് നം. : 47492/2017-18 (എസ്റ്റിമേറ്റ് നമ്പർ-2017/99013)

കരാർ നം : 34/AE/ LSGD/PRTR/17-18 തീയ്യതി.25.01.18

എംബുക്ക് നം: 136/17-18

എ) അംഗീകരിച്ച നിരക്ക് - 622119.36

ബി) കരാറുകാരന്റെ പേര് - ശ്രീ.അബൂബക്കർ.പി

ഡി) ആകെ പ്രവൃത്തി മൂല്യം - 652769.00

ഇ) അനുവദിച്ച തുക - 652769.00

ബിൽ നമ്പർ, തീയ്യതി - 02/25.5.18

എഫ്) അധികം നൽകിയത് - 652769 - 622119 = 30650.00

3) <u>ഉണ്ടപ്പടി ബോട്ട് ജട്ടി റോഡ് പുനരുദ്ധാരണം</u>

പ്രൊജക്ട് നം : 167/19 (209/18)

അടങ്കൽ : 700000.00 MG(R

ടി.എസ് നം. : 83882/2017-18 (എസ്റ്റിമേറ്റ് നമ്പർ-2017/90928)

കരാർ നം : 36/AE/ LSGD/PRTR/17-18 തീയ്യതി.25.01.18

എംബുക്ക് നം: 151/17-18

എ) അംഗീകരിച്ച നിരക്ക് - 617730.34

ബി) കരാറുകാരന്റെ പേര് - ശ്രീ.പ്രകാശൻ.എ.പി

ഡി) ആകെ പ്രവൃത്തി മൂല്യം - 632721.00

ഇ) അനുവദിച്ച തുക - 630898.00 (തൻവർഷത്തെ അലോട്മെന്റ് )

ബിൽ നമ്പർ, തീയ്യതി - 07/25.5.18

എഫ് ) അധികം നൽകിയത് - 630898 - 617730 = 13168.00

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.17/18.02.2020 മുഖേനെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞപ്രകാരം അധികച്ചെലവ് വന്ന തുക 86766 രൂപ ( 42948+ 30650+ 13168) പ്രവൃത്തിയുടെ അളവെടുത്ത് ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-2 മേപ്പറമ്പ് തടയണ റോഡ് - തൃത്തല്ലൂർ വെള്ളക്കെട്ട് ഒഴിവാക്കൽ - ഫോം വർക്ക് ചെയ്തത് - അധിക ചെലവ് സംബന്ധിച്ച്.

പ്രൊജക്ട് നം : 193/19

അടങ്കൽ : 495000.00, തനത്

ടി.എസ് നം. : 93338/2018-19 (എസ്റ്റിമേറ്റ് നമ്പർ-2018/125761)

DSR 2016, കോസ്റ്റ് ഇൻഡക്സ് 37.25%

കരാർ നം : 17/AE/ LSGD/PRTR/17-18 തീയ്യതി.20.12.18

കരാറുകാരൻ : TDLCC

എംബുക്ക് നം: 75/18-19

ചെലവ് : 465026.00 ചെക്ക് നം.012458/07.3.19

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ മൂന്നാമത്തെ ഇനം ഡ്രൈനേജിന്റെയും, കൾവർട്ടിന്റെയും, റോഡ് സൈഡ് ഡ്രൈനിന്റെയും പാർശ്വ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിന് താഴെ പറയും പ്രകാരം ഫോംവർക്ക് ചെയ്യലാണ്.

എസ്റ്റിമേറ്റ് പ്രൊവിഷൻ DSR കോഡ്.നം. 5.9.2

| | |
|---|---|
| ഡ്രെയിൻ വാൾ | 2x33.50x0.50=33.50 എം2 |
| കൾവർട്ട് | 4x5.50x0.70=15.40 എം2 |
| റോഡ് സൈഡ് ഡ്രെയിൻ | 1x35x0.65=22.75 എം2 |
| | 1x35x0.85=29.75 എം2 |
| | |

| | |
|---|---|
| ആകെ | 101.40 എം2 |

<u>നിർവ്വഹിച്ചത് (എം.ബുക്ക് പേജ് 5,6)</u>

| | |
|---|---|
| കൾവർട്ട് | 1x2x2x5.50x0.70=15.40 എം2 |
| ഡ്രെയിൻ വാൾ | 1x2x30x0.50=30.00 എം2 |
| | 1x2x11.20x0.50=11.20 എം2 |
| റോഡ് സൈഡ് ഡ്രെയിൻ | 1x15x0.75=11.25 എം2 |
| | 1x20x0.75=15.00 എം2 |
| | 1x16x0.65=10.40 എം2 |
| | 1x20x0.65=13.00 എം2 |
| ആകെ | 106.25 എം2@485.74=51609.88 |

പ്ലിന്ത് ലെവലിന് താഴെയുള്ള ഫോം വർക്ക് ആയതിനാലും, ഫോം വർക്കിന്റെ ഉയരം 1 മീറ്ററില് താഴെ ആയതിനാലും, മാസ് കോൺക്രീറ്റ് സ്വഭാവത്തിലുള്ള കോൺക്രീറ്റ് വർക്ക് ആയതിനാലും, DSRസ്പെസിഫിക്കേഷൻ കോഡ് 4.3.1 പ്രകാരമുള്ള നിരക്കാണ്, @248.83/എം2, സാധാരണ ഇത്തരം പ്രവൃത്തിക്ക് അനുവദിക്കാറുള്ളത്. എന്നാൽ സ്പെസിഫിക്കേഷൻ കോഡ് 5.9.2 പ്രകാരമുള്ള നിരക്ക് അനുവദിച്ചത് മൂലം 51609.88 – 26438.18 = 25171.70 (106.25 എം2@248.83/എം2=26438.18) രൂപ ഈ പ്രൊജക്ടിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.18/18.02.2020 മുഖേനെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞപ്രകാരം അധികച്ചെലവ് വന്ന തുക 26438.00 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-3 പടിഞ്ഞാറേക്കര ജി.യു.പി - സിങ്കിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിന്റെ നിരക്ക് അനുവദിച്ചു.

പ്രൊജക്ട് നം - 60/19,

അടങ്കൽ - 495000.00 MG(NR)

ചെലവ് - 494970.00, ബിൽ നമ്പർ - 63/26.3.19

എസ്റ്റിമേറ്റ് നം- 2018/135134

ടി.എസ്.നം - 101534/18-19 ( DSOR 2016 COI,1.37.25%)

കരാർ നം -78/AE/LSGD/PRR/18-19 തീയ്യതി.14.01.19 (ER)

കരാറുകാരൻ - പ്രകാശൻ.എ.പി

എംബുക്ക്നം - 154/17-18

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 21 സ്കൂൾ കെട്ടിടത്തോട് ചേർന്ന് ചായ്പ്പ് നിർമ്മിക്കുന്നതിന് ട്രസ്സ്വർക്ക് ചെയ്യലാണ്. പർലിൻ ഉൾപ്പെടെയുള്ള ഈ പ്രവൃത്തിക്ക് DSR 10.16.2 കോഡ് പ്രകാരമുള്ള ട്രസ്സ്

വർക്കിന്റെ നിരക്കാണ് എസ്റ്റിമേറ്റിൽ അനുവദിച്ചിട്ടുള്ളത്. മെഷർമെന്റ് ബുക്ക് പേജ് 28 ൽ രേഖപ്പെടുത്തിയ അളവുകൾ പ്രകാരം ആകെ 563.67കി.ഗ്രാം ഈ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. ഇതിൽ 158.20 കി.ഗ്രാം പർലിന്റെ (25x25x1.5 – 140.00മീറ്റർ @1.13 kg/m) തുക്കമാണ്. പർലിൻ വർക്ക് സിംഗിൾ സെക്ഷൻ വർക്ക് ആയതിനാൽ ഇതിന് അനുവദിക്കാവുന്ന നിരക്ക് അപ്രൂവ്ഡ് ഒബ്സർവ്ഡ് ഡാറ്റ കോഡ് നമ്പർ 50.10.2 കോഡ് പ്രകാരമുള്ള 111.93/kg ആണ്. തെറ്റായ സ്പെസിഫിക്കേഷൻ അനുവദിച്ചത് മൂലം ഈ പ്രവൃത്തിയിൽ താഴെ പറയുംപ്രകാരം അധികച്ചെലവ് വന്നിട്ടുണ്ട്.

| അനുവദിച്ച തുക. 10.16.2 | അനുവദിക്കാവുന്ന തുക. | അധികം |
|---|---|---|
| ഇനം.3<br>563.67 kg x128.88/kg = 72645.79 | 405.47kgx128.88/kg=52256.97<br>158.20 kgx111.93/kg= 17707.32<br>ആകെ 69964.29 | 2681 |

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.16/18.02.2020 മുഖേനെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞപ്രകാരം അധികച്ചെലവ് വന്ന തുക 2681 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും ആയതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 17.07.19 മുതൽ 18.07.19 വരെ | കെ.എസ്.എ.എം.പി.എം.28/1162/19 തിയതി.03.08.19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 379784 | പ്രോ.നം-30/2018-19 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 258400 | 121384 |
| | 21250 | പ്രോ.നം-36/2018-19 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 8401 | 12849 |
| | 297500 | പ്രോ.നം-14/2018-19 നെൽ കൃഷിക്ക് വിത്ത് വിതരണവും കൂലി ചെലവും | 297500 | 0 |
| | 100000 | പ്രോ.നം-25/2018-19 അഗതി രഹിത കേരളം | 100000 | 0 |
| | 100000 | പ്രോ.നം-58/2018-19 | 98700 | 1300 |

| | | | | |
|---|---|---|---|---|
| | | പരിരക്ഷ | | |
| ആകെ | 898534 | | 763001 | 135533 |
| ജില്ലാ പഞ്ചായത്ത് | 497700 | പ്രോ.നം-30/2018-19 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 495000 | 2700 |
| | 2874320 | പ്രോ.നം-4/2018-19 ലൈഫ് ഭവന പദ്ധതി | 1320000 | 1554320 |
| | 1531400 | പ്രോ.നം-22/2018-19 ലൈഫ് ഭവന പദ്ധതി(എസ്.സി) | 1000000 | 531400 |
| ആകെ | 4903420 | | 2815000 | 2088420 |

കുറിപ്പ്

പ്രോ.നം-4/2018-19 ലൈഫ് ഭവന പദ്ധതി ജനറൽ ഇനത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ 2018-19 സാമ്പത്തിക വർഷത്തിൽ 1573331 രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ സുലേഖ സോഫ്റ്റ്വെയറിൽ 253331 രൂപയുടെ ചെലവ് പോസ്റ്റ് ചെയ്യാൻ വിട്ട് പോയിട്ടുണ്ട് . ഈയിനത്തിൽ യഥാർത്ഥത്തിൽ നീക്കിയിരിപ്പുള്ള തുക 1300989 രൂപ മാത്രമാണ്.

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,തീയ്യതി | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21800887/ 31.01.19 | 15676 | 15676 | യു.സി. ലഭ്യമാക്കിയിട്ടുണ്ട്. | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ,തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഹൗസിംഗ് | 953/2010 തിയ്യതി 19.3.10 | 10740000 | 600469 | 0 | 0 | 600469 |
| KURDF | 68/2018 തിയതി.18.05.2018 | 26263673 | 0 | 25840000 | 0 | 423673 |

കുറിപ്പ്: വാർഷിക കണക്കിലെ അപാകത-6 കാണുക.

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2444680 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 213140 |

| | |
|---|---|
| ആകെ | 2657820 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2657820 |

2017-18 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക | രശീതിനമ്പർ |
|---|---|---|
| പുറത്തൂർ സർവ്വീസ് സഹകരണബാങ്ക് | 1493326 | 0024 |
| തിരൂർ അർബൻ കോ ഓപ്പറേറ്റിവ് ബാങ്ക് | 1164494 | 179056 |
| ആകെ | 2657820 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 150 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1983-84 | 11 | 150 | സെക്രട്ടറി<br>പുറത്തൂർ ഗ്രാമ പഞ്ചായത്ത് | 118060100118/<br>06.04.18 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 9 | 2004-05 | 3.10.1(iii) പൊതു പരാമർശങ്ങൾ | മുൻകൂർ ക്രമീകരിച്ചില്ല | നടപടി തുടരുന്നു |
| 2013-14<br>2014-15 | 3(1) | 2015-16 | | അകൗണ്ടിംങ് സമ്പ്രദായം അവലോകനം | |
| 2014-15 | 2(3) | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | നടപടി തുടരുന്നു |
| 2015-16 | 2(1), 2(2), | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നടപടി |

| | 2(3), 2(4) | | | | തുടരുന്നു |
|---|---|---|---|---|---|

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് /സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2000-01 | 4,5 | മുഹമ്മദലി | LF 20107/spl.cell/sc5/05 05.08.08 | 34853 | അടവാക്കിയിട്ടില്ല. |
| 2 | 2008-09 | 3-10(2) | ഇ.ടി രാജപ്പൻ | LF 17120/spl.cell/CSC/D1/19.04.16 | 10157 | അടവാക്കി |
| 3 | 2013-14 2014-15 | 3-4 | ശശികല.ആർ ഹെഡ് മിസ്ട്രസ്സ് | KSA.6148/Spl.Cell/CSC/D1/2017 Dt.22.07.19 | 396200 | അടവാക്കിയിട്ടില്ല. |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 157499900 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 138725080 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 118639 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 799674 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-17 | - | 3154 | ശ്രീമതി. റീന എ.എം /സെക്രട്ടറി (അധിക ചുമതല) |
| 3-1 | | 86366 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 26438 | അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 2681 | അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-14 | 24768 |
| 1-17 | 154542 |
| 1-18 | 23838 |
| 1-19 | 4412 |
| | |

| | |
|---|---|
| 1-20 | 184988 |
| 1-21 | 407126 |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>
ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. റീന എ.എം /സെക്രട്ടറി (അധിക ചുമതല) | അസി.സെക്രട്ടറി പുറത്തൂർ ഗ്രാമ പഞ്ചായത്ത് | കരിപ്പോത്ത് വീട് (ലക്ഷ്മി പ്രഭ ) പൊന്നാനി സൗത്ത് (പിഒ), പിൻ-679586- മലപ്പുറം |
| അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ/ പുറത്തൂർ ഗ്രാമ പഞ്ചായത്ത് | വടശ്ശേരിയിൽ ,വേപ്പൂർ. വരണ്ടരപ്പിള്ളി(പി.ഒ),തൃശ്ശൂർ, പിൻ-680303 |
| സജിത.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഫിർദൗസ് , സി.ടി ജംഗ്ഷൻ , കരിക്കോട് ടി.കെ.എംകോളേജ് .പിഒ കൊല്ലം. ഫോൺ-7025412003 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 95-96 | എൽ.എഫ്.എം.16/1605/2000/16-7-2004 | 8 | |
| 96-97 | എൽ.എഫ്.എം.16/965/98/16-7-2004 | 9 | |
| 97-98 | എൽ.എഫ്.എം.16/870/2004/26-10-2005 | 5 | |
| 98-99 | എൽ.എഫ്.എം.16/869/2004/16-1-2006 | 7 | |
| 99-00 | എൽ.എഫ്.എം.16/868/04/6-1-05 | 14 | |
| 2000-01 (Plan) | എൽ.എഫ്.എം.16/867/04/2-3-05 | 8 | |
| 2001-02 | എൽ.എഫ്.എം.7/1971(2)/07/2-11-07 | 16 | |
| 2002-03 | എൽ.എഫ്.എം.18/1612(എ)/10/9-11-10 | 10 | |
| | | | |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.എം.18/1612(ബി)/10/9-11-10 | 11 | |
| 2004-05 | എൽ.എഫ്.എം.14/2296/08, 9-11-10 | 9 | |
| 2005-06 | എൽ.എഫ്.എം.17/1741/09/12-6-12 | 4 | |
| 2006-07 | എൽ.എഫ്.എം.14/എം171742/12.06.12 | 10 | |
| 2007-08 | എൽ.എഫ്.എം.16/2060/13.06.12 | 10 | |
| 2008-09 | എൽ.എഫ്.എം.16/2061/11/12-6-12 | 14 | |
| 2009-10, 2010-11 | എൽ.എഫ്.എം.17/903/2013/18-6-13 | 15 | |
| 2011-12, 2012-13 | എൽ.എഫ്.എം.17/1630/14/20-9-14 | 16 | |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം.28/520/16 തി. 17.5.17 | 16 | |
| 2015-16 | കെ.എസ്.എ.എം.പി.എം.28/984/2017 തി. 24.02.18 | 15 | |
| 2016-17 | കെഎസ്എഎംപിഎം 28/523/2019 തി.20.09.19 | 14 | |
| 2017-18 | കെഎസ്എഎംപിഎം 28/1157/2019 തി.12.06.2019 | 28 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# Annexure-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.15/733/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 03/08/19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 31.3.2019ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധ നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം